13808

കേരള സർക്കാർ

പൊതു വിദ്യാഭ്യാസ (എം) വകുപ്പ്

24250/എം1/2009/പൊ.വി

തിരുവനന്തപുരം, തീയതി 28/09/2011

**സർക്കുലർ**

വിഷയം:- സ്കൂളുകളുടെ പേരിൽ നിന്നും ഹരിജൻ/ ഗിരിജൻ എന്നീ പദങ്ങൾ ഒഴിവാക്കുന്നത് - സംബന്ധിച്ച്.

സൂചന:- ജി.ഒ.(ആർ.റ്റി) നം.2325/10/ പൊവി തീയതി 01/06/2010.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് 05/11/2008 ൽ പുറപ്പെടുവിച്ച 22198/ഇ2/2008/പജപ'വ നമ്പർ സർക്കുലർ പ്രകാരം ഹരിജൻ/ ഗിരിജൻ എന്നീ പദങ്ങൾ ഭരണഘടനാ വിരുദ്ധമായതിനാൽ ടി പദങ്ങൾക്കു പകരം പട്ടികജാതി /പട്ടിക ഗോത്ര വർഗ്ഗം എന്നീ പദങ്ങൾ മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളുവെന്നും പട്ടികജാതി എന്ന പദത്തിനു പകരം 'ദളിത് 'എന്ന പദം ഉപയോഗിക്കുന്നത് ഒഴിവാക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

ടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളുടെ പേരിനോടൊപ്പമുള്ള ഹരിജൻ/ഗിരിജൻ എന്നീ പദങ്ങൾ നീക്കം ചെയ്ത് കൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ഗിരിജൻ എന്ന പദവും ട്രൈബൽ എന്ന പദവും ഒന്നാണെന്ന് വ്യാഖ്യാനിച്ച് സംസ്ഥാനത്തെ സ്കൂളുകളുടെ പേരിൽ നിന്നും ട്രൈബൽ എന്ന പദം ഒഴിവാക്കുവാൻ ചില വിദ്യാഭ്യാസ ഓഫീസർമാർ നിർദ്ദേശം നൽകിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ടി സാഹചര്യത്തിൽ ഗിരിജൻ എന്ന പദത്തിന്റെ വ്യാഖ്യാനത്തിൽ ട്രൈബൽ എന്ന പദം ഉൾപ്പെടുന്നില്ല എന്നും ഗോത്രവർഗ്ഗം എന്ന അർത്ഥത്തിൽ 'ട്രൈബൽ' എന്ന പദം സ്കൂളുകളുടെ പേരിനോടൊപ്പം ഉപയോഗിക്കാവുന്നതാണെന്ന് ഇതിനാൽ വ്യക്തമാക്കുന്നു.

എ.ആർ. സുരേശൻ
അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും, ഇടുക്കി

രജിസ്ട്രാർ, മനുഷ്യാവകാശ കമ്മീഷൻ, എം.പി. അപ്പൻ റോഡ്, വഴുതക്കാട്, തിരുവനന്തപുരം

ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ് ഡയറക്ടറേറ്റ്, IV ഫ്ലോർ, വികാസ്ഭവൻ, തിരുവനന്തപുരം

ഡയറക്ടർ, പട്ടിക ജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, അയ്യങ്കാളി നഗർ, കവടിയാർ പി.ഒ., തിരുവനന്തപുരം.

പരീക്ഷാ കമ്മീഷണർ, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം

പട്ടിക ജാതി പട്ടിക വർഗ്ഗ വികസന വകുപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)

ഹെഡ്മിസ്ട്രസ്, പൂമാല ഗവ: ട്രൈബൽ HSS, പൂമാല, ഇടുക്കി.

ജില്ലാ വിദ്യാഭ്യാസ ആഫീസർ, തൊടുപുഴ, ഇടുക്കി

കരുതൽ ഫയൽ/ ഓഫീസ് കോപ്പി